# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :2873

18.06.2018-ൽ
മറുപടിയ്ക്ക്

## ഐ.എച്ച്.ആർ.ഡി.യിൽ പേ റിവിഷൻ

*ചോദ്യം*
ശ്രീ.പി.സി. ജോർജ്

*ഉത്തരം*
പ്രൊഫ.സി.രവീന്ദ്രനാഥ്
(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഐ.എച്ച്.ആർ.ഡി.യിൽ 2009-ലെ പേ റിവിഷൻ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ ആനുകൂല്യം ഇനിയും ലഭിച്ചിട്ടില്ലാത്ത ഏതൊക്കെ വിഭാഗം ജീവനക്കാർ ഉണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. 09/12/2014-ലെ സ.ഉ. (എം.എസ്) നം.939/14/ഉ.വി.വ. പ്രകാരം അനുവദിച്ച 9-ാം പേ റിവിഷൻ ഐ.എച്ച്.ആർ.ഡി.യിൽ നടപ്പിലാക്കിയത് 01/01/2015 മുതലാണ്. 2014-ലെ Revised Staff pattern -ൽ ഉൾപ്പെടുത്താൻ വിട്ടുപോയതും 9-ാം പേ റിവിഷന്റെ ആനുകൂല്യം ലഭിച്ചിട്ടില്ലാത്തതുമായ 9 വിഭാഗം ജീവനക്കാരുടെ ലിസ്റ്റ് താഴെ ചേർക്കുന്നു.<br>1) കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (സെലക്ഷൻ ഗ്രേഡ്)<br>2) കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (സീനിയർ ഗ്രേഡ്)<br>3) സീനിയർ ലക്ചറർ ഇൻ |

| | | | |
|---|---|---|---|
| | | | ഇലക്ട്രോണിക്സ് സയൻസ്<br>4) സീനിയർ ലക്ചറർ ഇൻ കമ്പ്യൂട്ടർ സയൻസ്.<br>5) ലക്ചറർ ഇൻ കമ്പ്യൂട്ടർ സയൻസ്.<br>6) ടെക്നിക്കൽ സ്റ്റോർ കീപ്പർ (സെലക്ഷൻ ഗ്രേഡ്)<br>7) ടെക്നിക്കൽ സ്റ്റോർ കീപ്പർ (സീനിയർ ഗ്രേഡ്)<br>8) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഹയർ ഗ്രേഡ്)<br>9) ട്രേഡ് ഇൻസ്ട്രക്ടർ ഗ്രേഡ് - 2 (X-Ray) |
| (ബി) | ഐ.എച്ച്.ആർ.ഡി.യിൽ 2014-ലെ പേ റിവിഷൻ എന്ന് നടപ്പാക്കുമെന്നും അതിനായി ഐ.എച്ച്.ആർ.ഡി. സർക്കാരിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ; | (ബി) | പേ റിവിഷൻ നടപ്പാക്കണമെന്ന് ആവശ്യപ്പെട്ട് ഐ.എച്ച്.ആർ.ഡി. ഡയറക്ടർ അപേക്ഷ സമർപ്പിച്ചിട്ടില്ല. |
| (സി) | കേരള ഹൈക്കോടതിയുടെ 6.12.17-ലെ W.P.(C) No. 31752/17 നമ്പർ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഉത്തരവിൽ എന്ത് തീരുമാനം എടുത്തുവെന്ന് | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 9-ാം ശമ്പള പരിഷ്കരണ ആനുകൂല്യം ലഭിച്ചിട്ടില്ലാത്ത ജീവനക്കാർക്ക് ശമ്പള പരിഷ്കരണ ആനുകൂല്യം അനുവദിക്കുന്നത് സംബന്ധിച്ച് |

| | | | |
|---|---|---|---|
| | വിശദമാക്കുമോ; | | ജെ1/169/2016/ഉ.വി.വ എന്ന ഫയൽ സർക്കാർ പരിശോധിച്ചു വരികയാണ്. ഇക്കാര്യത്തിൽ തീരുമാനമാകുന്ന മുറയ്ക്ക് ബഹു.ഹൈക്കോടതി ഉത്തരവ് നടപ്പിലാക്കുന്നതാണെന്ന് ഉറപ്പ് നൽകി ഐ.എച്ച്.ആർ.ഡി. ഡയറക്ടർ ബഹു.ഹൈക്കോടതിയിൽ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. |
| (ഡി) | കേരള ഹൈക്കോടതിയുടെ 23.3.18-ലെ W.P.(C) No.10598/17 നമ്പർ ഉത്തരവ് ഐ.എച്ച്.ആർ.ഡി.യിൽ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ഡി) | ഇല്ല. ഐ.എച്ച്.ആർ.ഡി.യുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് ശമ്പള കുടിശ്ശിക നൽകുന്ന കാര്യം പരിഗണിക്കുന്നതാണെന്ന് ഐ.എച്ച്.ആർ.ഡി. ഡയറക്ടർ അറിയിച്ചിട്ടുണ്ട്. കൂടാതെ ഈ വസ്തുത ചൂണ്ടിക്കാണിച്ച് ബഹു.ഹൈക്കോടതിയിൽ ഐ.എച്ച്.ആർ.ഡി. ഡയറക്ടർ റിവ്യൂ പെറ്റിഷൻ ഫയൽ ചെയ്തിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ